# മാതൃകാചോദ്യപേപ്പർ SET 2

# USS EXAMINATION - FEBRUARY 2016

## Paper 1 - Part A - മലയാളം (AT)

1. താഴെ കൊടുത്തിരിക്കുന്ന സാഹിത്യകാരന്മാരെ കാലഗണനയനുസരിച്ച് ക്രമപ്പെടുത്തിയിരിക്കുന്നതിൽ ശരിയായതേത്?

   A തകഴി, സി.വി. രാമൻ പിള്ള, ഒ.വി. വിജയൻ, കെ.ആർ. മീര

   B സി.വി.രാമൻ പിള്ള, തകഴി, ഒ.വി. വിജയൻ, കെ.ആർ. മീര

   C കെ.ആർ. മീര, ഒ.വി. വിജയൻ, സി.വി. രാമൻ പിള്ള, തകഴി

   D ഒ.വി. വിജയൻ, തകഴി, സി.വി. രാമൻ പിള്ള, കെ.ആർ. മീര

2. ഇത്തിൾ+ കണ്ണി ചേർത്തെഴുതിയാൽ

   A ഇത്തിക്കണ്ണി  B ഇത്തിൾകണ്ണി

   C ഇത്തിൾക്കണ്ണി  D ഇത്തികണ്ണി

3. ഇറുപ്പവന്നും മലർ ഗന്ധമേകും

   വെട്ടുന്നവന്നു തരു ചൂടകറ്റും

   ഹനിപ്പവന്നും കിളിപാട്ടുപാടും

   പരോപകാരം പ്രവണം പ്രപഞ്ചം

   പരിസ്ഥിതിയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ഈ കവിത ആരുടേതാണ്?

   A ആശാൻ  B സുഗതകുമാരി

   C ഉള്ളൂർ  D ഒ.എൻ.വി. കുറുപ്പ്

4. ഒറ്റപ്പദം കണ്ടെത്തുക

   ഒന്നാമനായി കണക്കാക്കപ്പെടേണ്ടവൻ

   A പ്രഥമൻ  B ലീഡർ

   C അഗ്രജൻ  D പ്രഥമ ഗണനീയൻ

5. അടിയിൽ വരയിട്ട പദത്തിന്റെ ശരിയായ അർത്ഥം കണ്ടെത്തുക.

സ്വച്ഛന്ദം പറന്നുനടക്കാൻ പക്ഷികൾക്കാവും

A സ്വന്തം ഇഷ്ടപ്രകാരം    B ഉയരത്തിൽ

C ഏതു കാലാവസ്ഥയിലും    D ഏതു സമയത്തും

6. താഴെ പറയുന്നവയിൽ ഭൂമിയുടെ പര്യായമല്ലാത്ത വാക്കേത്?

A ധര    B ധരിത്രി

C ക്ഷോണിജ    D പൃത്ഥ്വി

7. തെറ്റായ വാക്യമേത്?

A പിന്നീടൊരിക്കൽ ഞാൻ താങ്കളെ സന്ദർശിക്കാമെന്നുറപ്പു നൽകുന്നു.

B അവരുടെ ജീവിതം ഇപ്പോഴും അന്ധകാരനിബിഡമാണ്

C വ്യക്തി നാമങ്ങളും സ്ഥലനാമങ്ങളും അതതു പ്രദേശത്ത് ഉച്ചരിക്കുന്നതുപോലെ ഉച്ചരിക്കണം.

D ആ ചടങ്ങുമായി ബന്ധപ്പെട്ട് എണ്ണമറ്റ അസംഖ്യം ഐതിഹ്യങ്ങളുണ്ട്.

8. ഭീമനെ കേന്ദ്ര കഥാപാത്രമാക്കി എം.ടി. വാസുദേവൻനായർ എഴുതിയ നോവൽ ഏത്?

A അസുരവിത്ത്    B കാലം

C രണ്ടാമൂഴം    D വാനപ്രസ്ഥം

9. ശരിയായ വാക്ക് ഏത്?

A അഗാഥം    B അതിധി

C ആഘോഷം    D അധവാ

10. താഴെ കൊടുത്തിരിക്കുന്നവയിൽ എഴുത്തച്ഛന്റെ കവിത ഏത്?

A ജാതിന്നമാദികൾക്കല്ല ഗുണ ഗുണ

ഭേദമെന്നത്രേ ബുധന്മാരുടെ മതം

B ഇനിയും മരിക്കാത്ത ഭൂമി

നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി

C നമിക്കിലുയരാം നടുകിൽ ത്തിന്നാം

നൽകുകിൽ നേടീടാം

D ലോകമൊന്നായിരിക്കുന്നു

കമ്പി കൊണ്ടും കമ്പിയില്ലാക്കമ്പികൊണ്ടും

കരളു കൊണ്ടല്ല

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തുടർന്നു നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.**

ദാർശനിക കൃതികൾ എന്ന നിലയിൽ സുകുമാർ അഴീക്കോട് രചിച്ച രണ്ടു കൃതികളാണ് 'മഹാത്മാവിന്റെ മാർഗവും' 'തത്ത്വമസിയും'. ആദ്യത്തേത് ഗാന്ധിജിയുടെ ആദർശങ്ങളെ മുൻനിർത്തി എഴുതിയിട്ടുള്ളതും രണ്ടാമത്തേത് ഉപനിഷദ് പഠനവുമാണ്. ഗാന്ധിജിയുടെ ആദർശങ്ങൾക്ക് അടിത്തറയായി വർത്തിക്കുന്നത് ഭാരതീയ തത്ത്വചിന്തയാണ്. ഉപനിഷത് അതിൽ പ്രാധാന്യമർഹിക്കുന്നു. ഭാരതീയ തത്ത്വചിന്തയും ഗാന്ധിയൻ ആദർശങ്ങളും ഒരു പോലെ ഹൃദിസ്ഥമായതുകൊണ്ടാണ് അഴീക്കോടിന് അവയുടെ സമന്വയം സാധ്യമായത്.

മഹാത്മാഗാന്ധി ധിഷണശാലിയായ ഒരു പണ്ഡിതനായിരുന്നില്ല. അനേകം ദാർശനിക ഗ്രന്ഥങ്ങൾ ഇഴകീറി പരിശോധിച്ച വൈഭവവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. എന്നാൽ ഭാരതീയ തത്വ ചിന്തയുടെ അന്തസത്ത പ്രതിഫലിക്കുന്ന ദർശനങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിലും അവ പ്രയോഗത്തിൽ വരുത്തുന്നതിലും അദ്ദേഹം അദ്വിതീയനായിരുന്നു. അങ്ങനെ അഗാധമായ ഉൾക്കാഴ്ചയും ജീവിത ദർശനവും ഗാന്ധിജി ലോകത്തിന് സമ്മാനിച്ചു. ഉത്ക്കടമായ മനുഷ്യസ്നേഹം കൊണ്ട് മാനവരാശിയിൽ ഉറങ്ങിക്കിടന്ന നന്മയെ ഉദ്ദീപ്തമാക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. സാരഗ്രാഹിയായ നിരൂപകന്റെ വൈദഗ്ദ്ധ്യത്തോടെ ആ വിശാല ലോകം ഒരു ചിമിഴിയിലൊതുക്കി അഴീക്കോട് നമുക്ക് കാണിച്ചു തന്നു.

മഹാത്മാവിന്റെ മാർഗം എന്ന കൃതിയിൽ എട്ട് അദ്ധ്യായങ്ങളാണുള്ളത്. 'വേരും ചില്ലയും' എന്ന ആദ്യ അധ്യായത്തിൽ സ്നേഹം, സത്യം, അഹിംസ എന്നിവ സംബന്ധിച്ച ഗാന്ധിയൻ കാഴ്ചപ്പോട് ലേഖകൻ പരിചയപ്പെടുത്തുന്നു. ഇവ ഗാന്ധിജിയുടെ ദർശനത്തിന്റെ ആധാര ശിലകളാണ്. ഇവയെ ഗാന്ധിജി സാമ്പത്തികമായും രാഷ്ട്രീയമായും വിശകലനം ചെയ്യുന്നുണ്ട്. സാമ്പത്തിക

മായ വിശകലനത്തിലൂടെ സോഷ്യലിസവും രാഷ്ട്രീയമായ വിസകലനത്തിലൂടെ ജനാധിപത്യവും അദ്ദേഹം ഉയർത്തിക്കൊണ്ടുവന്നു.

11. തത്ത്വമസിയുടെ പ്രതിപാദ്യം എന്താണ്?

A ഉപനിഷദ് പഠനം	B ഗാന്ധിയൻ പഠനം

C ഇതിഹാസ പഠനം	D സാഹിത്യ പഠനം

12. മാനവരാശിയിൽ ഉറങ്ങിക്കിടന്ന നന്മയെ ഗാന്ധിജി ഉണർത്തിയതെങ്ങനെ?

A അഹിംസകൊണ്ട്	B യുക്തി ചിന്ത കൊണ്ട്

C മനുഷ്യസ്നേഹം കൊണ്ട്	D പ്രഭാഷണം കൊണ്ട്

13. ഗാന്ധിജിക്ക് കൈവന്ന അഗാധമായ ഉൾക്കാഴ്ചയുടെയും ജീവിത ദർശനത്തിന്റെയും ആധാരമെന്താണ്?

A ആധുനിക വിദ്യാഭ്യാസം	B അനുഭവ പാഠങ്ങൾ

C രാഷ്ട്രീയ വിദ്യാഭ്യാസം	D ഭാരതീയ തത്ത്വചിന്ത

14. താഴെ പറയുന്നവയിൽ ഗാന്ധിയൻ ദർശനത്തിന്റെ ആധാര ശിലയല്ലാത്തത് ഏത്?

A സ്നേഹം	B ഹിംസ

C സത്യം	D അഹിംസ

15. ഗാന്ധിജി ജനാധിപത്യബോധം ഉയർത്തിക്കൊണ്ടു വന്നതെങ്ങനെ?

A രാഷ്ട്രീയ വിശകലനത്തിലൂടെ

B സാമ്പത്തിക വിശകലനത്തിലൂടെ

C സാംസ്കാരിക വിശകലനത്തിലൂടെ

D സാഹിത്യ വിശകലനത്തിലൂടെ

# ഉത്തരസൂചിക

1. B
2. A
3. C
4. D
5. A
6. C
7. D
8. C
9. C
10. A
11. A
12. C
13. D
14. B
15. A